**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5704** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം നൽകി വരുന്നു. • സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ 4500/- രൂപയുടെ ധനസഹായം • കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം • കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യ തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1,600/- രൂപ പെൻഷൻ • മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രി തർക്ക് 50,000/- രൂപയുടെ ധനസഹായം • മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000/- രൂപയുടെ ധനസഹായം • ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയുടെ ഇൻഷ്വ റൻസ് പരിരക്ഷ. • മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് 600/- രൂപയുടെ ധനസഹായം • എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത വികസനസ പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്ന തിനും ആവശ്യമായ വായ്പാ സഹായം • നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്ന തിന് 10 ഒജ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളി |

| | | | |
|---|---|---|---|
| | | | കൾക്ക് പരമാവധി 30,000/- രൂപയുടെ സബ്സിഡി • മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോ ഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗ മോ മസ്തിഷ്കാഘാതമോ മൂലം മരണ പ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രി തർക്കുള്ള ധനസഹായം • വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പി ക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് |
| (ബി) | മത്സ്യപ്രജനന സമയത്ത് ഉൾനാടൻ ജലാശയങ്ങളിലെ മണല്ലൂറ്റ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മത്സ്യപ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മണലൂറ്റുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ